# ബോധവത്ക്കരണ ക്ലാസ് നടത്തി

പാലക്കാട്: നിയമത്തിൽ ഉദാരസമീപനം കൈക്കൊള്ളുന്നത് മൂലം പലപ്പോഴും പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കാതെ ഇളവ് ലഭിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അതേ സമയം ഇരകളുടെ കാര്യത്തിൽ അവരനുഭവിക്കുന്ന മാനസികമായ പ്രശ്നങ്ങൾക്ക് പലപ്പോഴും പരിഹാരം ഉണ്ടാകുന്നില്ല. അതിനാൽ കേസുകളിൽ വിക്ടിമോളജി പ്രയോഗത്തിൽ വരുത്തുകയാണെങ്കിൽ കുറ്റകൃത്യങ്ങൾക്ക് ഇരയായവർക്ക് ഒരളവ് വരെ ആശ്വാസം ലഭിക്കുമെന്ന് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ പറഞ്ഞു. വിശ്വാസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ക്രൈം കൗൺസിലിങ്' ഉദ്ഘാടനം ചെയ്തു സംസാരിക്കുകയായിരുന്നു അദ്ദേഹം. ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു.

കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ചും അവരോട് പെരുമാറുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകളെക്കുറിച്ചും 'ക്രൈം കൗൺസിലിങ്' ൽ ബോധവത്ക്കരണ ക്ലാസ് നടത്തി. • ഇരകളോട് സൗഹാർദ്ദപരമായ രീതിയിലുള്ള സമീപനവും പിന്തുണയുമാണ് സമൂഹം നൽകേണ്ടത്. എങ്കിൽ മാത്രമേ മാനസികമായ മറ്റ് പ്രശ്നങ്ങളുണ്ടാകാതെ അവർക്ക് സാധാരണ ജീവിതം നയിക്കാൻ കഴിയുകയുള്ളൂവെന്ന് ക്ലാസ് കൈകാര്യം ചെയ്ത പോലീസ് വനിതാ സെൽ കൗൺസിലർ ഡോ. രഘുനാഥ് പാറയ്ക്കൽ പറഞ്ഞു.

ചടങ്ങിൽ സെക്രട്ടറി പി. പ്രേംനാഥ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ. മൃത്യുഞ്ജയൻ, ജോയിന്റ് സെക്രട്ടറി അഡ്വ. ഗിരീഷ് മേനോൻ എന്നിവർ പങ്കെടുത്തു. വിശ്വാസ് മാനേജിങ് കമ്മിറ്റി അംഗവും മുൻ ഗവ. പ്ലീഡറുമായ ശാന്താദേവി സ്വാഗതവും മാനേജിങ് കമ്മിറ്റി മെമ്പർ പി. ജയരാജ് നന്ദിയും പറഞ്ഞു. വിശ്വാസിനെ സംബന്ധിച്ച കൂടുതൽ വിവരങ്ങൾക്ക് വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥുമായി ബന്ധപ്പെടണം. ഇ-മെയിൽ jcpremnath@gmail.com

തുറന്നകത്ത്




വിശ്വാസിന്റെ ആഭിമുഖ്യത്തിൽ സംഘടിപ്പിച്ച 'ക്രൈം കൗൺസിലിങ്' ബോധവത്ക്കരണ ക്ലാസ് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്യുന്നു

# 'ക്രൈം കൗൺസലിങ്' ബോധവത്കരണ ക്ലാസ്

പാലക്കാട്: വിശ്വാസിന്റെ ആഭിമുഖ്യത്തിൽ 'ക്രൈം കൗൺസിലിങ്' ബോധവത്കരണ ക്ലാസ് നടത്തി.

കുറ്റകൃത്യങ്ങൾക്ക് ഇരയാവുന്നവർ അനുഭവിക്കുന്ന മാനസിക സംഘർഷങ്ങളെക്കുറിച്ചും അവരോട് പെരുമാറുമ്പോൾ ശ്രദ്ധിക്കേണ്ട വസ്തുതകളെക്കുറിച്ചുമായിരുന്നു ബോധവത്കരണ ക്ലാസ്. ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനം ചെയ്തു.



വിശ്വാസിന്റെ ആഭിമുഖ്യത്തിൽ നടത്തിയ 'ക്രൈം കൗൺസലിങ്' ബോധവത്കരണ ക്ലാസ് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനം ചെയ്യുന്നു

നിയമത്തിൽ ഉദാരസമീപനം കൈക്കൊള്ളുന്നതുമൂലം പലപ്പോഴും പ്രതികൾക്ക് അർഹമായ ശിക്ഷ ലഭിക്കാതെ ഇളവു ലഭിക്കുന്ന പ്രവണതയാണ് കണ്ടുവരുന്നത്. അതേസമയം, ഇരകളുടെ കാര്യത്തിൽ അവരനുഭവിക്കുന്ന മാനസികമായ പ്രശ്നങ്ങൾക്ക് പലപ്പോഴും പരിഹാരമുണ്ടാകുന്നില്ല. അതിനാൽ കേസുകളിൽ വിക്ടിമോളജി പ്രയോഗത്തിൽ വരുത്തുകയാണെങ്കിൽ കുറ്റകൃത്യങ്ങൾക്കിരയായവർക്ക് ഒരളവുവരെ ആശ്വാസം ലഭിക്കുമെന്ന് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ പറഞ്ഞു.

ഇരകളോട് സൗഹാർദപരമായ സമീപനവും പിന്തുണയും സമൂഹം നൽകണമെന്നും എങ്കിൽമാത്രമേ മാനസികമായ മറ്റ് പ്രശ്നങ്ങളുണ്ടാകാതെ അവർക്ക് സാധാരണജീവിതം നയിക്കാൻ കഴിയുകയുള്ളൂവെന്നും ക്ലാസെടുത്ത പോലീസ് വനിതാസെൽ കൗൺസലർ ഡോ. രഘുനാഥ് പാറയ്ക്കൽ പറഞ്ഞു.

കളക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷതവഹിച്ചു. ചടങ്ങിൽ സെക്രട്ടറി പി. പ്രേംനാഥ്, ജില്ലാ സാമൂഹ്യനീതി ഓഫീസർ ആർ. മൃത്യുഞ്ജയൻ, ജോയന്റ് സെക്രട്ടറി അഡ്വ. ഗിരീഷ് മേനോൻ, വിശ്വാസ് മാനേജിങ് കമ്മിറ്റി അംഗവും മുൻ ഗവ. പ്ലീഡറുമായ ശാന്താദേവി, മാനേജിങ് കമ്മിറ്റി മെമ്പർ പി. ജയരാജ് എന്നിവർ പങ്കെടുത്തു.

# നീതികിരണം ക്രൈം കൗൺസലിങ് പദ്ധതി തുടങ്ങി

**പാലക്കാട്:** വിശ്വാസിൻെറയും ജില്ലാ നിയമസേവന അതോറിറ്റിയുടെയും ആഭിമുഖ്യത്തിൽ തുടങ്ങിയ നീതികിരണം ക്രൈം കൗൺസലിങ് പദ്ധതി കേരള ഹൈക്കോടതി ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ് ഉദ്ഘാടനം ചെയ്തു.

നീതികിരണം കൈപ്പുസ്തകം കേരള നിയമസേവന അതോറിറ്റി മെംബർ സെക്രട്ടറി കെ. സത്യൻ പ്രകാശനം ചെയ്തു. ഇരകൾക്ക് നഷ്ട

പരിഹാരം നൽകാൻ സർക്കാർ അതോറിറ്റിയെ ചുമതലപ്പെടുത്തിയിട്ടുണ്ട്. അർഹതയുള്ളവർ വിചാരണക്കോടതികളുമായോ ജില്ലാ നിയമസേവന അതോറിറ്റിയുമായോ ബന്ധപ്പെടണമെന്ന് കെ. സത്യൻ അറിയിച്ചു. ആദ്യപ്രതി ടോപ് ഇൻ ടൗൺ രാജു ഏറ്റുവാങ്ങി.

ചടങ്ങിൽ ജില്ലാ കളക്ടർ പി. മേരിക്കുട്ടി അധ്യക്ഷയായി. വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ്, ജില്ലാ മെഡിക്കൽ ഓഫീസർ ഡോ. കെ.പി. റീത്ത, ഡി.എൽ.എസ്.എ. സെക്രട്ടറി രാജീവ് ജയരാജ്, ഡോ. ജോസ് പോൾ, വി.പി. കുര്യാക്കോസ്, ടി. റീന, പ്രഫുല്ലദാസ്, ഗിരീഷ് കെ. മേനോൻ എന്നിവർ പ്രസംഗിച്ചു.




നീതികിരണം ക്രൈം കൗൺസലിങ് പദ്ധതി കേരള ഹൈക്കോടതി ജഡ്ജി ജസ്റ്റിസ് എ. മുഹമ്മദ് മുസ്താഖ് ഉദ്ഘാടനം ചെയ്യുന്നു

## ബോധവത്കരണം തുടങ്ങും

**കുറ്റകൃത്യത്തിന്** ഇരയായവരോട് ഉദ്യോഗസ്ഥതലങ്ങളിലുള്ളവരുടെ സമീപനത്തിൽ ഉണ്ടാകേണ്ട മാറ്റത്തിലാണ് നീതികിരണം പദ്ധതിയുടെ ഊന്നൽ. പോലീസ്, ആരോഗ്യം-സാമൂഹിക നീതിവകുപ്പ് ഉദ്യോഗസ്ഥർക്കും പാരാലീഗൽ വളൻറിയർമാർക്കും ആദ്യഘട്ടത്തിൽ പരിശീലനം നൽകും.

എല്ലാ മാസവും മുപ്പതുപേരടങ്ങുന്ന ബാച്ചിന് പരിശീലനം നൽകും. ക്രിമിനോളജിസ്റ്റ്, സൈക്കോളജിസ്റ്റ്, കൗൺസലർമാർ എന്നിവർ ക്രൈം കൗൺസലിംഗ് എന്ന വിഷയത്തിൽ ക്ലാസുകൾ നടത്തും. ജില്ലയിലെ ആസ്പത്രികളിലും പോലീസ് സ്റ്റേഷനുകളിലും പദ്ധതിയുടെ ലക്ഷ്യങ്ങളെക്കുറിച്ച് അറിവുള്ള രണ്ടുപേരുടെയെങ്കിലും സാന്നിധ്യം ഉറപ്പാക്കുകയാണ് ലക്ഷ്യം.



പാലക്കാട്ട് വിശ്വാസിന്റെ നേതൃത്വത്തിൽ നടന്ന ക്രൈം കൗൺസലിങ് സെമിനാർ ജസ്റ്റിസ് ചേറ്റൂർ ശങ്കരൻനായർ ഉദ്ഘാടനം ചെയ്യുന്നു

## ബോധവൽക്കരണ ക്ലാസ് നടത്തി

പാലക്കാട് ● വിശ്വാസ് നടത്തിയ ക്രൈം കൗൺസലിങ് ജസ്റ്റിസ് ചേറ്റൂർ ശങ്കരൻ നായർ ഉദ്ഘാടനം ചെയ്തു. ജില്ലാ കലക്ടർ കെ. രാമചന്ദ്രൻ അധ്യക്ഷത വഹിച്ചു. ഡോ. രഘുനാഥ് പാറയ്ക്കൽ, സെക്രട്ടറി പി. പ്രേംനാഥ്, ജില്ലാ സാമൂഹിക നീതി ഓഫിസർ ആർ. മൃത്യുഞ്ജയൻ, ജോയിന്റ് സെക്രട്ടറി അഡ്വ. ഗിരീഷ് മേനോൻ, വിശ്വാസ് മാനേജിങ് കമ്മിറ്റി അംഗവും മുൻ ഗവ. പ്ലീഡറുമായ ശാന്താദേവി, മാനേജിങ് കമ്മിറ്റി മെംബർ പി. ജയരാജ് എന്നിവർ പ്രസംഗിച്ചു.

# 'Some Accused Don't Get the Punishment They Deserve'

**Express News Service**



Justice Chettur Sankaran Nair speaking after inaugurating the workshop on 'crime counselling' held at the Collectorate conference hall in Palakkad on Saturday

**Palakkad:** A workshop on 'Crime counselling' organised by VISWAS was inaugurated by Justice Chettur Sankaran Nair here on Saturday. The Justice said that due to the leniency in laws some of the accused do not get the punishment they deserve. Similarly, most often, there is no solution to the psychological pressures of the accused when in jail. Therefore, a way to prevent the accused from repeating the offences is to be invented which will also help the accused to live as a reformed individual after his imprisonment term.

District Collector K Ramachandran presided over.

"Society has to back the accused after they have been reformed. Only then will they be able to lead a normal life," said Police Women's Cell counselor Raghunath Parakkal. VISWAS secretary P Premnath, joint secretary Girish Menon and district social welfare officer R Mruthyunjayan were present. Former government pleader Shantha Devi welcomed the gathering and managing committee member P Jayaraj proposed a vote of thanks.

# അകത്തും പുറത്തും കൂടുതൽ വിഷമിക്കുന്നത് ഇരകൾ: ക്രൈം കൗൺസലിങ് സെമിനാർ




വിശ്വാസ് സംഘടിപ്പിച്ച സെമിനാർ ജില്ലാ കലക്ടർ പി. മേരിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു

# മറക്കാൻ ആഗ്രഹിക്കുന്നവ വീണ്ടും ഓർമിപ്പിക്കരുതേ...

**'അക്രമത്തെക്കുറിച്ച് ആവർത്തിച്ചു ചോദിക്കുന്നത് ഇരകളെ ഒറ്റപ്പെടുത്തും'**

പാലക്കാട് ● കോടതിക്ക് അകത്തും പുറത്തും ഇരകളാണ് മാനസികമായി കൂടുതൽ വിഷമിക്കുന്നതെന്ന് ഇരകളുടെ പ്രശ്നങ്ങളെക്കുറിച്ചു വിശ്വാസ് നടത്തിയ ക്രൈം കൗൺസലിങ് സെമിനാർ. പ്രതികൾക്കുള്ള വ്യവസ്ഥകളാണ് ക്രിമിനൽ നടപടി ചട്ടങ്ങളിൽ കൂടുതലുള്ളത്. ഇരകളോട് ഉദ്യോഗസ്ഥ മനോഭാവത്തോടെയല്ല പെരുമാറേണ്ടതും കാര്യങ്ങൾ ചോദിച്ചറിയേണ്ടതുമെന്ന് സെമിനാർ ഉദ്ഘാടനം ചെയ്ത് വിശ്വാസ് ചെയർമാൻ കൂടിയായ ജില്ലാ കലക്ടർ പി. മേരിക്കുട്ടി പറഞ്ഞു. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റിയുടെ സഹകരണത്തോടെ നീതികിരണം പദ്ധതിയിൽ പൊലീസുകാർക്കും മെഡിക്കൽ ജീവനക്കാർക്കുമായാണ് പരിപാടി സംഘടിപ്പിച്ചത്. ഇരയുടെ മാനസികാവസ്ഥ അറിയണമെങ്കിൽ ആ സ്ഥാനത്ത് ഉദ്യോഗസ്ഥൻ തന്നെ സ്വയം സങ്കൽപ്പിച്ചു നോക്കണം. പ്രശ്നങ്ങൾ ആരോട് പറയണം, എങ്ങനെ പറയണം എന്നറിയാതെ വേവലാതിപ്പെട്ടു നടക്കുന്ന അവർക്കു കൃത്യമായ മാർഗനിർദേശവും സഹായവുമാണ് ആവശ്യമെന്നും കലക്ടർ പറഞ്ഞു.

ഒരിക്കൽ അക്രമത്തിന് ഇരയായ വ്യക്തിയോട് അക്കാര്യം വീണ്ടും വിവരിക്കാൻ ആവശ്യപ്പെടുന്നത് അയാളെ വീണ്ടും ഇരയാക്കുന്നതിന് (റീ വിക്ടിമൈസേഷൻ) തുല്യമാണെന്ന് സെമിനാറിൽ പങ്കെടുത്തവർ വ്യക്തമാക്കി. പീഡനത്തിന് ഇരയാക്കപ്പെട്ട സ്ത്രീകൾ, കുട്ടികൾ എന്നിവരുടെ കാര്യത്തിൽ ഏറെ കരുതലോടെ വേണം നടപടി സ്വീകരിക്കാൻ. മറക്കാൻ ആഗ്രഹിക്കുന്ന കാര്യങ്ങൾ വീണ്ടും ഓർമിപ്പിക്കുന്നത് അവരെ കൂടുതൽ ഒറ്റപ്പെടുത്തും. കുറ്റകൃത്യത്തിന് ഇരയായ ഒരാൾ പഴയ മാനസികാവസ്ഥയിലേയ്ക്ക് തിരിച്ചെത്താൻ അക്രമത്തിന്റെ തീവ്രതയനുസരിച്ച് ആറു മുതൽ എട്ടു വരെ ആഴ്ചയും ചിലപ്പോൾ മാസങ്ങളുമെടുത്തേക്കും. കേസ് അന്വേഷണവുമായി ബന്ധപ്പെടുന്ന മുഴുവൻ ആളുകൾക്കും മാസം തോറും നീതികിരണം



പദ്ധതിയിൽ പരിശീലനം നൽകുമെന്ന് വിശ്വാസ് സെക്രട്ടറി പി. പ്രേംനാഥ് പറഞ്ഞു. വൈസ് പ്രസിഡന്റ് പി.വി. കുര്യാക്കോസ് അധ്യക്ഷനായി. ജില്ലയിലെ ആശുപത്രികളിലും പൊലീസ് സ്റ്റേഷനുകളിലും പരിശീലനം ലഭിച്ച രണ്ടു പേരുടെയെങ്കിലും സാന്നിധ്യം ഉറപ്പാക്കുകയാണ് ലക്ഷ്യം. ജില്ലാ ലീഗൽ സർവീസസ് അതോറിറ്റി സെക്രട്ടറി എം. തുഷാർ, എസ്. ശാന്താദേവി ജില്ലാ ശിശുക്ഷേമ സമിതി ചെയർമാൻ ഫാ.ഡോ. ജോസ്പോൾ, ബി. ജയരാജൻ എന്നിവർ പ്രസംഗിച്ചു.




District Collector P Marykutty switching on the light at the newly-electrified office of VISWAS at the civil station in Palakkad on Wednesday | EXPRESS

# Training in crime counselling at VISWAS

**EXPRESS NEWS SERVICE**
@Palakkad

TRAINING in crime counselling will be imparted at the office of VISWAS (Victims Information, Sensitisation, Welfare and Assistance Society), an NGO functioning to help abused victims, which is operating at the civil station.

The training will be given by experts with the cooperation of the officials of the police, health, social justice and education departments. The renovated and electrified office of VISWAS was inaugurated by District Collector P Marykutty. Among those who were present included VISWAS secretary P Premnath and B Jayarajan.



പാലക്കാട് വിശ്വാസിന്റെ നവീകരിച്ച ഓഫിസും വൈദ്യുതീകരണവും ജില്ലാ കലക്ടർ പി.മേരിക്കുട്ടി ഉദ്ഘാടനം ചെയ്യുന്നു.

## അറിയിപ്പുകൾ

### ബിരുദ സീറ്റ് ഒഴിവ്

കോട്ടായി • ഐഎച്ച്ആർഡി കോളജ് ഓഫ് അപ്ലൈഡ് സയൻസിൽ ബിഎസ്സി കംപ്യൂട്ടർ സയൻസ്, ഇലക്ട്രോണിക്സ് ബിരുദ കോഴ്സുകളിൽ ജനറൽ, റിസർവേഷൻ ക്വോട്ടയിൽ ഒഴിവുള്ള സീറ്റുകളിലേക്കു 30നു രാവിലെ 10നു കൂടിക്കാഴ്ച നടക്കും. ഓൺലൈൻ റജിസ്ട്രേഷൻ നടത്തിയ കോളജ് പകർപ്പു ഹാജരാക്കണം. 04922 285577അധ്യാപക ഒഴിവ്

### അധ്യാപക ഒഴിവ്

# ക്രൈം കൗൺസലിങ്ങിൽ വിശ്വാസ് പരിശീലനം

പാലക്കാട് • കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ ക്ഷേമത്തിനായി പ്രവർത്തിക്കുന്ന വിശ്വാസ് സിവിൽ സ്റ്റേഷനിലുള്ള ഓഫിസിൽ ക്രൈം കൗൺസലിങ് പരിശീലനം ആരംഭിക്കും. കുറ്റകൃത്യങ്ങൾക്ക് ഇരയായവരുടെ മാനസികാവസ്ഥ മനസ്സിലാക്കി അവരോടു പെരുമാറേണ്ട രീതികളെക്കുറിച്ച് പൊലീസ് ഉദ്യോഗസ്ഥർക്കും ആരോഗ്യ, സാമൂഹിക സേവന, വിദ്യാഭ്യാസ രംഗത്തു പ്രവർത്തിക്കുന്നവർക്കുമാണു വിഷയത്തിൽ പ്രമുഖരായവരുടെ സഹായത്തോടെ പരിശീലനം നടത്തുകയെന്നു വിശ്വാസ് സംഘടനാ സെക്രട്ടറി പി. പ്രേംനാഥ് അറിയിച്ചു.

വിശ്വാസിന്റെ നവീകരിച്ച ഓഫിസും വൈദ്യുതീകരണവും വിശ്വാസ് ചെയർമാൻ കൂടിയായ കലക്ടർ പി.മേരിക്കുട്ടി ഉദ്ഘാടനം ചെയ്തു. വൈസ് പ്രസിഡന്റ് വി.പി.കുര്യാക്കോസ് അധ്യക്ഷനായിരുന്നു. അഡ്വ.ടി.റീന, സി.ജയരാജൻ, ഡോ. ജോസ് പോൾ, അഡ്വ.ഗിരീഷ് മേനോൻ, അഡ്വ. എസ്. ശാന്താദേവി, പി.പ്രേംനാഥ് എന്നിവർ പ്രസംഗിച്ചു. ചാർട്ടേഡ് അക്കൗണ്ടന്റ് ബി.ജയരാജൻ ചെയർമാനായുള്ള ഈശ്വർ ചാരിറ്റബിൾ ട്രസ്റ്റാണു ഓഫിസിന്റെ വൈദ്യുതീകരണം നടത്തിയത്.

ക്രൈം കൗൺസലിങ്ങിൽ പങ്കെടുക്കാൻ ആഗ്രഹിക്കുന്നവർ പേരും മേൽവിലാസവും 9400933444 എന്ന നമ്പറിലേക്ക് എസ്എംഎസ് അയയ്ക്കണം.